ഹോമിയോപ്പതി ചികിത്സാസമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

61 (1787) ശ്രീ. ആർ സെൽവരാജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹോമിയോ ഡിസ്പെൻസറികളും ആശുപത്രികളും ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ആശുപത്രികളിലെ ക്ലിനിക്കൽ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പകർച്ചവ്യാധികൾ തടയുന്നതിന് ഹോമിയോപ്പതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഹോമിയോ മരുന്നുകളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി 'ഹോംകോ'യിൽ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(എഫ്) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൂടുതൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും ഹോമിയോ ചികിത്സയുടെ ഗുണങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി കൂടുതൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും മാധ്യമങ്ങൾവഴി പ്രചരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 25 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന 344 താല്ക്കാലിക ഡിസ്പെൻസറികളും അനുവദിച്ചു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ദ്രുതകർമ്മ സാംക്രമിക രോഗനിയന്ത്രണസെൽ എന്ന സംവിധാനം നിലവിലുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 5½ കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly